പി.എൽ(2)34545/12/

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി 1-01-2013

പ്രേക്ഷകൻ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ജില്ലാവിദ്യാഭ്യാസ ആഫീസർ

വിഷയം:-സംസ്കൃത വിദ്യാഭ്യാസ വികസനം-കുട്ടികൾക്കുള്ള ക്യാമ്പ്-സംബന്ധിച്ച്

സൂചന:

2012-13 അദ്ധ്യയന വർഷം സംസ്കൃത വിദ്യാർഥികൾക്കുവേണ്ടി വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ത്രിദിന സംസ്കൃത ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഒരു മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പരമാവധി 200 കുട്ടികളെ(യു.പി+ഹൈസ്ക്കൂൾ) ഉൾപ്പെടുത്തി ക്യാമ്പ് നടത്തേണ്ടതാണ്. 2013 ജനുവരി 31 ന് മുമ്പ് ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്. സംസ്കൃത കൗൺസിലിന്റെയും സംസ്കൃതാധ്യാപകരുടേയും സഹകരണത്തോടെ ഇത് നടത്തേണ്ടതാണ്. ഇതിനായി 10000 രൂപ വീതം ഒരോ വിദ്യാഭ്യാസ ജില്ലയ്ക്കും അനുവദിയ്ക്കുന്നുണ്ട് ഈ സംഖ്യ ചുവടെ പറഞ്ഞിരിക്കുന്ന രീതിയിൽ വിനിയോഗിക്കേണ്ടതാണ്.

1) റിഫ്രഷ്മെന്റ് 6000 രൂപ
2) സ്റേറഷനറി 1000രൂപ
3) കണ്ടിൻജൻസി 2000രൂപ
4) റമ്യൂണറേഷൻ 1000 രൂപ

**ആകെ 10000 രൂപ**

ക്യാമ്പ് നടത്തിയതിന്റെ വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് 2013 ഫിബ്രവരി 15 ന് മുമ്പായി വിദ്യാഭ്യാസഡയറക്ടറേററിൽ ലഭിക്കേണ്ടതാണ്. മൊഡ്യൂൾ ഇതോടൊപ്പം അയക്കുന്നു.

ഉളളടക്കം :-മൊഡ്യൂൾ 15 പേജ്

വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.